ഡി. എ.-മാരുടെ സി. ആർ.-വകുപ്പുമേധാവികൾക്ക് അയച്ചുകൊടുക്കാൻ നടപടി

17 [3879] *ശ്രീ. ഷിബു ബേബി ജോൺ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്പാർട്ട്മെന്റൽ കാട്ടയിൽ ഡി. എ.മാരായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് കൃത്യമായി ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് അയച്ചു കൊടുക്കുന്നതിൽ ധനകാര്യവകുപ്പ് അലംഭാവം കാണിക്കാറുണ്ടോ;

(ബി) കോൺഫിഡൻഷ്യൽ റിപ്പോർട്ട് അയയ്ക്കാതെ ഇരിക്കുന്നത് ഡി. എ. മാരെ വർഷങ്ങളോളം മേൽ തസ്തികകളിൽ തുടരുന്നതിന് അനുവദിക്കുന്നതിന് വേണ്ടിയാണോ;

(സി) കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ ഇത്തരത്തിലുള്ള ഡി. എ. മാർക്ക് അവരുടെ സീനിയർ സൂപ്രണ്ട് പ്രമോഷൻ ബന്ധപ്പെട്ട വകുപ്പിൽ തടസ്സപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ഡി. എ.മാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കൃത്യമായി അയച്ചുകൊടുക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി. ഡബ്ലിയു. ഡി./ഇറിഗേഷൻ/ഹാർബർ എൻജിനീയറിംഗ് വകുപ്പുകളിലെ ജൂനിയർ സൂപ്രണ്ടുമാരെ പരിശീലനം നേടിയ ഡി. എ. റിക്രൂട്ട്സിന്റെ (പി. എസ്. സി.-അഡ്വൈസ് ചെയ്യുന്നവർ) അഭാവത്തിൽ, താൽക്കാലികമായി മാത്രം കെ. ജി. എസ്.-ൽ ഡി. എ. മാരായി നിയമിക്കുന്നു. ആയതിനാൽ ഇവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ (ഇവർ കെ. ജി. എസ്.-ൽ പ്രവർത്തിക്കുന്ന കാലയളവിലേത്) ഇവർ ജോലി ചെയ്യുന്ന ഡിവിഷനിലെ തലവന് സമർപ്പിക്കുകയും അവിടെ നിന്ന് ഡിവിഷനുകളുടെ മേധാവി റിവ്യൂ ചെയ്തതിനു ശേഷം, ഇവരുടെ മാതൃവകുപ്പിലേക്ക് നേരിട്ട് അയച്ചുകൊടുക്കുകയുമാണ് പതിവ് ധനകാര്യ വകുപ്പിൽ താൽക്കാലികമായി നിയമിതരാകുന്ന ഡി. എ. മാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സൂക്ഷിക്കാറില്ല.

(ബി) കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാതൃവകുപ്പിൽ തന്നെ കൈകാര്യം ചെയ്യുന്നത് കൊണ്ട് ഈ വകുപ്പിനെ സംബന്ധിച്ചു ഇതു ബാധകമല്ല.

(സി) ഉണ്ട്. എന്നാൽ അന്വേഷണത്തിൽ ഇത്തരം താൽക്കാലികമായി നിയമിതരായ ഡി. എ.മാർ തങ്ങളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഡിവിഷൻ തലവന് യഥാസമയം സമർപ്പിക്കാത്തതിനാലാണ് ഈ സാഹചര്യം ഉടലെടുക്കുന്നത് എന്ന് സർക്കാരിന് ബോധ്യമാവുകയും ഇവരുടെമേൽ കർശന നടപടികൾ സ്വീകരിക്കുകയും, അത് ഫലപ്രദമാവുകയും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കിക്കൊള്ളുന്നു.

(ഡി) ഇക്കാര്യത്തിൽ സർക്കുലർ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെല്ലാം തന്നെ നൽകിയിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക കേസ് ശ്രദ്ധയിൽപ്പെട്ടാൽ മേലിലും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly